# അപ്പം നുറുക്കൽ

ഒരു സ്ഥലം സഭാകൂടിവരവിനെക്കുറിച്ച് ആദ്യമായി പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്ന മത്തായി 18:20 ൽ "സുനാഗൊ" എന്ന ഗ്രീക്കു വാക്കാണ് "കൂടിവരുന്ന" എന്ന് തർജ്ജമ ചെയ്തിരിക്കുന്നത്. ഗ്രീക്കു ഭാഷാ പണ്ഡിതന്മാർ പറയുന്നത് ഈ വാക്കിന്റെ അർത്ഥവും ഉപയോഗിച്ചിരിക്കുന്ന ക്രിയാകാലരൂപവും ഒരു സ്ഥലം സഭയ്ക്ക് നിർവ്വചനം ആകുന്നുവെന്നാണ്. "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂട്ടിവരപ്പെട്ട്, കൂടിവന്നു കൊണ്ടേയിരിക്കുന്നിടത്ത് ഞാൻ അവരുടെ മദ്ധ്യത്തിൽ ഉണ്ട്" എന്നാണ് മത്തായി 18:20 ന്റെ അക്ഷരാർത്ഥ തർജ്ജമ. അതായത് അവർ സ്വന്തഇഷ്ടപ്രകാരം കൂടിവന്നവരല്ല പകരം ഒരു പ്രദേശത്ത് സുവിശേഷ ഘോഷണത്താൽ പരിശുദ്ധാത്മാവ് കർത്താവായ യേശുവിങ്കലേക്ക് ആകർഷിച്ച് കൂട്ടിവരുത്തിയവർ ആണ്. ഇത്തരത്തിൽ പരിശുദ്ധാത്മാവാം ദൈവം വീണ്ടും ജനനം നൽകി കൂട്ടിവരുത്തിയവർ കർത്താവ് അനുശാസിക്കുന്ന കാര്യങ്ങൾ ചെയ്യുവാനായി ആ സ്ഥലത്ത് നിരന്തരം കൂടി വന്നുകൊണ്ടേയിരിക്കുന്നു. ഇത്തരത്തിൽ കൂടിവരുന്ന കൂട്ടമാണ് സ്ഥലം സഭ.

പുതിയനിയമത്തിൽ ഏഴു പ്രാവശ്യം "സുനാഗൊ" എന്ന വാക്ക് ഇതേ ക്രിയാകാല രൂപത്തിൽ സ്ഥലംസഭാ കൂടിവരവുകൾക്കായി ഉപയോഗിച്ചിരിക്കുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഒരു സ്ഥലത്ത് കൂട്ടിവരപ്പെട്ട ജനം എന്തൊക്കെ ചെയ്യുവാനായി കൂടിവരണമെന്നറിവാൻ പുതിയനിയമത്തിലേക്ക് നോക്കുന്നവർക്ക് ഇത് സഭാകൂടിവരവുകളുടെ അപ്പോസ്തോലിക മാതൃകയായി നൽകപ്പെട്ടിരിക്കുകയാണ്. ഈ വാക്ക് ഉപയോഗിച്ചിരിക്കുന്ന ഭാഗങ്ങളും ഓരോ ഭാഗത്തും സഭ കൂടിവന്നതിന്റെ ഉദ്ദേശവും താഴെപ്പറയുന്നവയാണ്.

1. അ.പ്ര. 4:30 — പ്രാർത്ഥിക്കുവാൻ
2. അ.പ്ര. 11:24 — വചനപഠനത്തിനായ്
3. അ.പ്ര. 14:27 — സുവിശേഷവേലയ്ക്കായ് ദൂരെ ദേശത്തേക്ക് അയയ്ക്കപ്പെട്ടവർ തിരിച്ചുവന്നപ്പോൾ അവരുടെ സാക്ഷ്യം കേൾപ്പാൻ.
4. അ.പ്ര. 15:6 — സ്ഥലംസഭ ഉൾപ്പെട്ട ഒരു പ്രശ്നത്തിൽ തീരുമാനമെടുക്കുവാൻ സഭാ മൂപ്പന്മാരുടെ യോഗം.
5. അ.പ്ര. 15:30 — വചനവായനയും വിശകലനവും
6. 1 കൊരി. 5:4 — സ്ഥലംസഭാ കൂട്ടായ്മയിൽ നിന്ന് പാപം ചെയ്ത ഒരു വിശ്വാസിയെ നിഷ്കാസനം ചെയ്യുവാൻ.
7. അ.പ്ര. 20:7 — അപ്പം നുറുക്കുവാൻ.

മേൽപ്പറഞ്ഞിരിക്കുന്ന കൂടിവരവുകൾ നാം ശ്രദ്ധിച്ചാൽ ഒന്ന് ദൂരെദേശത്ത് സുവിശേഷ പ്രവർത്തനങ്ങൾക്കു പോയവർ, അവർ അയയ്ക്കപ്പെട്ട സ്ഥലം സഭയിൽ തിരിച്ചു വരുമ്പോൾ മാത്രം സംഭവിക്കുന്നതും മറ്റൊന്ന് ഗൗരവതരമായി പാപം ചെയ്ത വ്യക്തിയെ സഭാകൂട്ടായ്മയിൽനിന്ന് പുറത്താക്കേണ്ടി വരുമ്പോൾ മാത്രം ആവശ്യമായിരിക്കുന്നതുമാണെന്ന് കാണാം. ബാക്കിയുള്ള കൂടിവരവുകൾ ദൈവജനത്തിന്റെ ആത്മിക വർദ്ധനവിനും ദൈവനാമ മഹത്വത്തിനുമായി തുടർമാനം നടക്കേണ്ടവയാണ്.

പുതിയനിയമത്തിൽ മറ്റെന്തെങ്കിലും ചെയ്യുവാനായി സ്ഥലം സഭ കൂടിവന്നതായി നാം കാണുന്നില്ല. സോദരിമാരുടെ കൂടിവരവ്, യുവാക്കളുടെ കൂടിവരവ് എന്നിപ്രകാരം സഭാ വിശ്വാസികളെ വിഭജിച്ചുകൊണ്ടുള്ള കൂടിവരവുകൾ വചനാനുസൃതം അല്ല. ശരീരമെന്ന നിലയിലുള്ള സഭയുടെ ഐക്യതയുടെ ഉപദേശത്തെ ഇവ പ്രാവർത്തികമായി

ഖണ്ഡിക്കുന്നവയാകയാൽ വചനവിരുദ്ധവുമാണ്. കൂടാതെ അനേക സ്ഥലംസഭകൾ ഒരുമിച്ച് കൂടുന്ന സംയുക്ത യോഗങ്ങളും നമുക്ക് പുതിയ നിയമത്തിൽ ഒരിക്കൽപോലും കണ്ടെത്തുവാൻ കഴിയുകയില്ല.

മേൽപ്പറഞ്ഞിരിക്കുന്ന കൂടിവരവുകളിൽ ഏതെങ്കിലും ഒന്നിനെ "ആരാധനായോഗം" എന്ന് വിളിച്ചിട്ടില്ല. കാരണം ആരാധന ഏതെങ്കിലും ഒരു കൂടിവരവിൽ ഒതുങ്ങുന്നതല്ല. അപ്പോൾത്തന്നെ നാം പുതിയ നിയമത്തിൽ "അപ്പം നുറുക്കൽ" കൂടിവരവ് കാണുന്നു. ഈ കൂടിവരവിനോടുള്ള ബന്ധത്തിൽ അത് **എന്ന്** (When or Period), **എവിടെ** (Where or Place), **ആര്** (Who or Participants), **എങ്ങനെ** (How or Pattern), **എന്തിന്** ( Why or Purpose) എന്നീ വിഷയങ്ങൾ യാതൊരു സംശയത്തിനും ഇടയില്ലാത്തവിധം അസന്ദിഗ്ദ്ധമായി തിരുവചനം വെളിപ്പെടുത്തുന്നു.

### 1. എന്നാണ് അപ്പം നുറുക്കേണ്ടത്? (When or Period)

കർത്താവായ യേശുക്രിസ്തു ശിഷ്യന്മാർക്ക് കല്പന കൊടുത്തപ്പോൾ (സുവിശേഷം പ്രസംഗിപ്പിൻ, സ്നാനപ്പെടുത്തുവിൻ ആദിയായവ പോലെ ഇതും ഒരു കല്പനയാണ്, അഭ്യർത്ഥന അല്ല) ഏതെങ്കിലും ഒരു പ്രത്യേക ദിവസത്തെക്കുറിച്ച് പറഞ്ഞില്ല എന്നത് വാസ്തവമാണ്. എന്നാൽ കർത്താവിന്റെ കല്പനയോടൊപ്പം പുതിയ നിയമത്തിൽ സഭാ കൂടിവരവുകളുടെ മാതൃകയും നൽകപ്പെട്ടിരിക്കുന്നു. എന്നാണ് അപ്പോസ്തലന്മാർ ഇത് ചെയ്തത് എന്നറിവാൻ പുതിയനിയമം തിരഞ്ഞ് അ.പ്ര. 20:7 ൽ എത്തുമ്പോൾ നാം ഇപ്രകാരം വായിക്കുന്നു, "<u>ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ</u> ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ". ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇത് ഈ വിഷയത്തിൽ തീർപ്പ് കല്പ്പിക്കുന്ന അവസാന വാക്കാണ്. (അ. പ്ര. 2:46 ൽ "ദിനംപ്രതി ദൈവാലയത്തിൽ കൂടിവരികയും, വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട്" എന്നു പറഞ്ഞിരിക്കുന്നത് ഭക്ഷണം കഴിക്കുന്നതിനോടുള്ള ബന്ധത്തിലാണ് കർത്താവിന്റെ അത്താഴത്തെക്കുറിച്ചല്ല). "ചില ദിവസങ്ങൾക്കു ശേഷം", "പിറ്റേന്നാൾ", "ഏഴുനാൾ കഴിഞ്ഞിട്ട്" എന്നിപ്രകാരം തിരുവെഴുത്തിലുടനീളം കാണപ്പെടുന്ന സന്ദിഗ്ധ പദപ്രയോഗം നടത്താതെ അസന്ദിഗ്ധമായി ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ എന്നു പറഞ്ഞിരിക്കുന്നത് കുറിക്കൊള്ളേണ്ടതാണ്. ഏതെങ്കിലും ഒരു സഭാകൂടിവരവിനെ ഏതെങ്കിലും ഒരു പ്രത്യേക ദിവസത്തോടു ബന്ധപ്പെടുത്തി പറഞ്ഞിട്ടുണ്ടെങ്കിൽ അത് അപ്പം നുറുക്കലിനോടുള്ള ബന്ധത്തിലാണ്. അപ്പം നുറുക്കൽ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിനോട് ബന്ധപ്പെട്ടിരിക്കുന്നു. "കർത്താവിന്റെ" എന്ന് മലയാളത്തിൽ തർജ്ജമ ചെയ്തിരിക്കുന്നത് "കുര്യാക്കോസ്" എന്ന ഗ്രീക്ക് വാക്കാണ്. 1 കൊരി. 11:20ലും (കർത്താവിന്റെ അത്താഴം) വെളി. 1:10 ലും (കർത്തൃ ദിവസം) മാത്രമേ ഈ വാക്ക് പുതിയനിയമത്തിൽ കാണപ്പെടുന്നുള്ളൂ. കർത്താവിന്റെ അത്താഴത്തിനും, കത്തൃദിവസത്തിനുമിടയിൽ അവിഭേദ്യ ബന്ധമുണ്ട് തീർച്ച.

ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിന് ദൈവദൃഷ്ടിയിൽ വളരെ പ്രാധാന്യമുണ്ടെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. തിരുവെഴുത്തുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വളരെ പ്രാധാന്യമർഹിക്കുന്ന ചില പ്രവർത്തികൾ ചെയ്യുവാൻ ദൈവം ഈ ദിവസമാണ് തിരഞ്ഞെടുത്തത്. ഉദാഹരണത്തിന്:–

1. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ പ്രപഞ്ച സൃഷ്ടി ആരംഭിക്കുവാൻ ദൈവം തീരുമാനിച്ചു. (ഉൽപ്പത്തി 1:2)

2. ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ കർത്താവായ യേശുക്രിസ്തുവിനെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയർത്തെഴുന്നേൽപ്പിക്കുവാൻ ദൈവം തീരുമാനിച്ചു. (ലൂക്കോ. 24:1)

3. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ പരിശുദ്ധാത്മാവിനെ ഭൂമിയിലേക്ക് അയയ്ക്കുവാൻ ദൈവം തീരുമാനിച്ചു. (അ.പ്ര. 2:1).

4. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ക്രിസ്തുവിന്റെ ശരീരമായ സഭയെ സൃഷ്ടിക്കുവാനും ഭൂമിയിലെ ആദ്യത്തെ സ്ഥലംസഭയെ നിർമ്മിക്കുവാനും ദൈവം തീരുമാനിച്ചു. (അ.പ്ര. 2:1, 1 കൊരി. 12:13).

5. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തെ അപ്പം നുറുക്കേണ്ട ദിവസമെന്ന അപ്പോസ്തൊലിക മാതൃകയായി നൽകുവാൻ ദൈവം തീരുമാനിച്ചു. (അ.പ്ര. 20:7)

കൂടാതെ ഈ ദിവസത്തിന് തിരുവെഴുത്തിൽ നൽകിയിരിക്കുന്ന വിവിധ നാമങ്ങൾ കൂടി നാം ശ്രദ്ധിക്കണം.

1. കർത്തൃസേവാർത്ഥം വേർതിരിച്ചിരിക്കുന്നത് എന്നർത്ഥത്തിൽ ഇത് “കർത്തൃദിവസം”. (വെളി. 1:10)

2. പ്രാഥമികത്വം ഉള്ളതെന്നർത്ഥത്തിൽ ഇത് “**ഒന്നാം (ആദ്യ)** ദിവസം” (അ.പ്ര. 20:7) കർത്താവ് മറിയയുടെ **ആദ്യ**ജാതനും, സകലസൃഷ്ടിക്കും **ആദ്യ**ജാതനും, മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റവരിൽ **ആദ്യനും** ആകുന്നു. മറിയയുടെ മക്കളിലാകട്ടെ, സൃഷ്ടിയിലാകട്ടെ, മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റവരിലാകട്ടെ ക്രിസ്തുവിന് മുമ്പനായി, ആദ്യനായി ആരുമില്ല. സകലത്തിലും അവൻ ആദ്യൻ, മുമ്പൻ ആകുന്നു അഥവാ ആകണം എന്നതാണ് ദൈവേഷ്ടം. മുന്നമേ, അഥവാ ആദ്യം ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിപ്പാൻ കല്പിച്ചവൻ ആഴ്ചവട്ടത്തിന്റെ ഈ ആദ്യദിവസം തന്നെ അപ്പം നുറുക്കലിനായി തിരഞ്ഞെടുത്തതിൽ അത്ഭുതമില്ല.

3. പുനരുത്ഥാനത്തിന്റെ “മൂന്നാം നാൾ”. (1 കൊരി. 15:4). കർത്താവായ യേശുക്രിസ്തു താൻ ഉയിർത്തെഴുന്നേറ്റ നാൾ നാല് വ്യത്യസ്ത സമയങ്ങളിൽ പ്രത്യക്ഷനായത് നാം ശ്രദ്ധിക്കേണം. “അപ്പം നുറുക്കയിൽ” (ലൂക്കോ. 24:35) കർത്താവായ യേശുക്രിസ്തു അറിയായ്‌വരുമ്പോൾ എന്താണ് സംഭവിക്കേണ്ടത് എന്ന് ഒരു പരിധി വരെ മനസ്സിലാക്കുവാൻ ഇത് നമ്മെ സഹായിക്കും.

4. പ്രവചനത്തിന്റെ “ശബ്ബത്തിന്റെ പിറ്റേന്നാൾ” (ലേവ്യ. 23:15, 16). ഇവ കൂടാതെ

5. ഒരു പുതിയ തുടക്കത്തിന്റെ “എട്ടാം നാൾ” ആയും നമുക്ക് ഈ ദിവസത്തെ കാണാം.

അപ്പം നുറുക്കലിന്റെ അപ്പോസ്തോലിക മാതൃക ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആകയാൽ, ഈ ശുശ്രൂഷ ആഴ്ചയിൽ രണ്ടോ മൂന്നോ പ്രാവശ്യമാക്കി കൂട്ടുവാനോ മാസത്തിലോ, വർഷത്തിലോ ഒന്നോ രണ്ടോ ആക്കി കുറയ്ക്കുവാനോ മനുഷ്യന് അധികാരമില്ല. സഭയ്ക്കും സഭാ കൂടിവരവുകൾക്കും അപ്പോസ്തോലിക മാതൃക നൽകപ്പെട്ടിട്ടുണ്ടെന്ന് അംഗീകരിക്കാത്തവർക്ക് തോന്നിയതുപോലെ ചെയ്യാവുന്ന കാര്യങ്ങൾക്ക് യാതൊരു പരിധിയുമില്ല.

## 2. എവിടെയാണ് അപ്പം നുറുക്കേണ്ടത് ? (Where or Place)

ഒരു സ്ഥലംസഭയ്ക്കാണ് “കർത്താവിന്റെ അത്താഴ”ത്തോട് ബന്ധപ്പെട്ട ഉപദേശങ്ങൾ നൽകിയിരിക്കുന്നത്. പൗലോസാകട്ടെ, മറ്റുള്ളവരാകട്ടെ ഒരു സ്ഥലംസഭാ സാക്ഷ്യം ഇല്ലാത്ത സാഹചര്യത്തിൽ അപ്പം നുറുക്കുവാൻ ഒരുമ്പെട്ടില്ല എന്നത് ശ്രദ്ധേയമാണ്. “നാം” നുറുക്കുന്ന അപ്പം, “നാം” അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം എന്നിങ്ങനെ ഒരു കൂട്ടായ പ്രവർത്തിയായി പറഞ്ഞിരിക്കയാൽ ഇത് വ്യക്തിയായോ കുടുംബമായോ ചെയ്യാവുന്ന ഒന്നല്ല എന്ന് വ്യക്തമാകുന്നു. 1 കൊരി. 10, 11 അദ്ധ്യായങ്ങളിലെ ഉപദേശങ്ങൾ ഒരു സ്ഥലം സഭയിലാണ് അപ്പം നുറുക്കേണ്ടതെന്ന് വ്യക്തമാക്കുന്നു.

ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തെ സഭാകൂടിവരവിന്റെ ഉദ്ദേശം “അപ്പം നുറുക്കുക” എന്നതാണെന്ന് നാം ഓർത്തിരിക്കേണം. പേരിൽ ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്ന അനേക കൂട്ടങ്ങൾക്കും ഞായറാഴ്ച “ആരാധനായോഗം” അഥവാ “വർഷിപ്പ് മീറ്റിംഗ്” ഉണ്ട്. എന്നാൽ അപ്പം നുറുക്കൽ ഇല്ല! ഇത് വിരോധാഭാസവും വചനവിരുദ്ധവുമാണ്. “എന്നെ സ്തുതിക്കുവിൻ”, “എന്നെ വണങ്ങുവിൻ” എന്നല്ല “എന്റെ ഓർമ്മയ്ക്കായി **ഇത്** (അപ്പം നുറുക്കൽ) ചെയ്‌വിൻ” എന്നാണ് കർത്താവിന്റെ കല്പന. അപ്പം നുറുക്കാതെ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ നാം മറ്റെന്തെല്ലാം ചെയ്താലും അത് അനുസരണക്കേടാണ്.

അതുപോലെ തന്നെ കുടുംബത്തോടൊരുമിച്ചോ കൂട്ടുസഹോദരന്മാരോടൊത്തോ യാത്ര ചെയ്യുമ്പോൾ ഒരു സ്ഥലം സഭയിൽ അല്ലാതെ ട്രെയിനിലോ, ഹോട്ടലിലോ വച്ച് അപ്പം നുറുക്കുന്നത് വചനാനുസൃതമല്ല. യരുശലേം മുതലായ സ്ഥലങ്ങൾ സന്ദർശിക്കുവാൻ പോയ ചിലർ ഞായറാഴ്ച ഞങ്ങൾ ഒരു മരച്ചുവട്ടിൽ കർത്താവിന്റെ അത്താഴം ആചരിച്ചു എന്ന് അഭിമാനപൂർവ്വം പറയുന്നത് കേട്ടിട്ടുണ്ട്. ഇത് വളരെ ആത്മിക മെന്ന് തോന്നാമെങ്കിലും സ്ഥലം സഭയുടെ കർത്തവ്യങ്ങളെക്കുറിച്ചും, വിശ്വാസികൾക്ക് സ്ഥലംസഭയോടുള്ള ഉത്തരവാദിത്തങ്ങളെക്കുറിച്ചും പുതിയ നിയമത്തിൽ നൽകപ്പെട്ടിരി ക്കുന്ന ഉപദേശരൂപങ്ങൾക്ക് ഘടകവിരുദ്ധവും പ്രാവർത്തികമായി അവയുടെ പരിപൂർണ്ണ നിരാകരണവുമാണ്. നാം യാത്രാ പരിപാടികൾ ക്രമീകരിക്കുമ്പോൾ ഞായറാഴ്ച ഒരു സ്ഥലം സഭയിലായിരിക്കുമെന്ന് ഉറപ്പാക്കണം. സ്ഥലംസഭാ സാക്ഷ്യമില്ലാത്ത സ്ഥലമാണെ ന്നറിഞ്ഞിട്ടും ജോലിക്കും, പഠനത്തിനും മറ്റുമായി വിശ്വാസികൾ അത്തരം സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നത് പരിതാപകരമാണ്. മറ്റു വഴികൾ പലതുണ്ടായിട്ടും ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം ദൈവജനത്തോടൊപ്പം ആയിരിക്കുവാൻ കഴിയുകയില്ല എന്ന് മുൻകൂട്ടി അറിഞ്ഞുകൊണ്ട് അത്തരം സ്ഥലങ്ങൾ തിരഞ്ഞെടുത്തിട്ട് പിന്നീട് ദൈവജനത്തോട് അവർക്കു വേണ്ടി പ്രാർത്ഥിക്കേണമെന്ന് അപേക്ഷിക്കുന്നതിൽ യാതൊരർത്ഥവുമില്ല. പഠനത്തിനോ ജോലിക്കോ കർത്താവിനെ അനുസരിക്കുന്നതിനേക്കാൾ പ്രാധാന്യം നൽകി ക്കൊണ്ട് സഭാ കൂട്ടായ്മയിൽ നിന്ന് ഒറ്റപ്പെടുവാൻ അവർ തീരുമാനിച്ചുകഴിഞ്ഞു. ഇത് ഒരു തരത്തിൽ ആത്മഹത്യാപരമാണ് (1 കൊരി. 5:5, 13). മുൻഗണനാ പ്രകാരം പ്രാധാന്യം കൊടുക്കേണ്ട കാര്യങ്ങളെ തിരിച്ചറിയുന്നതിൽ പരാജയപ്പെട്ട് അനേകർ ഇന്നതിന്റെ തിക്ത ഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ദൈവത്തിന് താനർഹിക്കുന്ന ആദരവ് നൽകാതിരിക്കുന്നത് പിന്മാറ്റത്തിലേക്കും, വിശ്വാസ ത്യാഗത്തിലേക്കുമുള്ള ആദ്യ പടിയാണ് (റോമ. 1:21).

## 3. ആരാണ് അപ്പം നുറുക്കേണ്ടത് ? (Who or Participants)

വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നതിനോടുള്ള ബന്ധത്തിൽ എഴുതുമ്പോൾ 1 കൊരി. 10 ൽ കർത്താവിന്റെ മേശയിലും, ഭൂതങ്ങളുടെ മേശയിലും ഒരേ സമയം പങ്കെടുക്കുന്നതിലെ അസ്ഥിരതയെ കാണിക്കുവാൻ പൗലോസ് അപ്പം നുറുക്കലിനെ ഉദാഹരണമായെടുക്കുന്നു. കർത്തൃദിവസം അപ്പം നുറുക്കയിൽ **“പലരായ നാം ഒരു ശരീരവുമാകുന്നു”** എന്ന് പരോക്ഷമായി പ്രഖ്യാപിക്കുന്നു. (1 കൊരി. 10:17). ആകയാൽ ക്രിസ്തുവിന്റെ ശരീരത്തിൽ ഉള്ളവർ മാത്രമേ ഇതിൽ പങ്കാളികളാകാവൂ എന്ന് നമുക്ക് മനസ്സിലാക്കാം. രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട്, തിരുവചനപ്രകാരമുള്ള സ്ഥലംസഭയോടു ചേർന്നവർ (അ.പ്ര. 2:41, 42) ആണ് ഇതിൽ പങ്കാളികളാവേണ്ടത്. ഒരു സ്ഥലം സഭയിൽ നിന്ന് മറ്റൊരു സ്ഥലംസഭയിൽ കർത്തൃദിവസം പോകേണ്ടി വന്നാൽ, അപ്രകാരമുള്ളവർ കൂട്ടായ്മയിലായിരിക്കുന്ന സ്ഥലം സഭയിൽ നിന്ന് ഒരു സാക്ഷ്യപത്രം താൻ പോകുന്ന സഭയിലേക്ക് വാങ്ങേണ്ടത്

ആവശ്യമാണ്. അപരിചിതരിൽ നിന്നും സാക്ഷ്യപത്രം ആവശ്യപ്പെടുന്നത് തെറ്റായ വ്യക്തികളെ സ്വീകരിക്കുന്നതിൽനിന്നും സഭയെ സൂക്ഷിക്കും. സാക്ഷ്യപത്രം അനാവശ്യ സംശയങ്ങളും അസൗകര്യങ്ങളും ഒഴിവാക്കുന്നതിന് ഒരു പരിധി വരെ ഉപകരിക്കും.

കൂട്ടായ്മയിൽ ആയിരിക്കുന്നവർ മാത്രമേ അപ്പം നുറുക്കലിൽ പങ്കുകൊള്ളുന്നുള്ളു എന്നുറപ്പാക്കേണ്ട ചുമതല സഭാ മൂപ്പന്മാർക്കുണ്ട്. വചനവിരുദ്ധമായ സംയുക്ത ആരാധനാ യോഗം ക്രമീകരിച്ച്, നൂറുകണക്കിനാളുകളെ കൂട്ടിവരുത്തിയിട്ട്, (ഇതിൽ അവിശ്വാസികളും, സ്ഥലം സഭാ കൂട്ടായ്മയിൽ നിന്ന് അസാന്മാർഗ്ഗികത കാരണവും ദുരുപദേശം കാരണവും പുറത്താക്കപ്പെട്ടവരും, സാത്താന്യ ആരാധനക്കാരും, ഉൾപ്പെട്ടേക്കാം) "മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്ന് കുടിക്കുകയും ചെയ്‌വാൻ" എന്ന വേദഭാഗം ഉദ്ധരിച്ച്, കർത്താവിനെ കൊന്നതിന്റെ ഉത്തരവാദിത്വം ജനത്തിന്റെ മേൽ കെട്ടിവച്ച് പീലാത്തോസ് കൈകഴുകിയതുപോലെ സ്വന്ത ഉത്തരവാദിത്വത്തിൽ നിന്ന് കൈ കഴുകുവാൻ ശ്രമിക്കുന്നത് വചനത്തിന്റെ ദുരുപയോഗവും ദൈവം ഭരമേൽപ്പിച്ച ഉത്തരവാദിത്വങ്ങളിൽനിന്നുള്ള ഒളിച്ചോട്ടവുമാണ്. ഒരു സ്ഥലംസഭാ കൂട്ടായ്മയിലായിരിക്കുന്ന വിശ്വാസികളോടുള്ള ബന്ധത്തിലാണ് 1 കൊരി. 11:28 പറഞ്ഞിരിക്കുന്നത്. അല്ലാതെ അവിശ്വാസികളും അയോഗ്യരെന്ന് പരസ്യമാക്കപ്പെട്ടവരും തങ്ങളെത്തന്നെ ശോധന ചെയ്യണമെന്നല്ല. അപ്രകാരമുള്ളവർ കർത്താവിന്റെ അത്താഴത്തിൽ പങ്കെടുക്കുന്നില്ല എന്നുറപ്പാക്കേണ്ടത് സഭാ മൂപ്പന്മാരുടെ ചുമതലയാണ്. ആരൊക്കെയാണ് തിരുവത്താഴത്തിൽ പങ്കെടുക്കുന്നതെന്ന് തിരിച്ചറിയുവാൻ കഴിയാത്ത വിധത്തിൽ തുറന്നിട്ട്, ഈ പരിശുദ്ധ ശുശ്രൂഷയെ കളങ്കപ്പെടുത്തുവാൻ ഇടയാക്കുന്ന കൂടിവരവുകൾ ക്രമീകരിക്കുന്ന മൂപ്പന്മാരും സഭാനേതാക്കന്മാരും കർത്താവിനോടിതിന് കണക്ക് ബോധിപ്പിക്കേണ്ടിവരും തീർച്ച.

## 4. എങ്ങനെയാണ് അപ്പം നുറുക്കേണ്ടത് ? (How or Pattern)

ക്രിസ്തീയ കൂട്ടായ്മയെക്കുറിച്ച് ചില പ്രധാനപ്പെട്ട പാഠങ്ങൾ പഠിപ്പിക്കേണ്ടതിനായി അപ്പം നുറുക്കലിൽ ചെയ്യുന്ന കാര്യങ്ങളെ പൗലോസ് ഉദാഹരണത്തിനായി ഉപയോഗിക്കുന്നു. "നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം (പാത്രങ്ങൾ അല്ല) ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയൊ? നാം നുറുക്കുന്ന അപ്പം (അപ്പങ്ങൾ അല്ല) ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയൊ? അപ്പം ഒന്ന് ആകകൊണ്ട് നാം എല്ലാവരും ആ ഒരേ അപ്പത്തിന്റെ അംശികൾ ആകുന്നുവല്ലോ". (1 കൊരി. 10:16, 17). അപ്പം നുറുക്കുമ്പോൾ എല്ലാ വിശ്വാസികളും ഒരപ്പത്തിന്റെയും, ഒരു പാനപാത്രത്തിന്റെയും അംശികൾ ആകുന്നുവെന്നാണ് പൗലോസ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാണ്. ശിഷ്യന്മാരെ ക്കുറിച്ച് നാമിപ്രകാരം വായിക്കുന്നു,"എല്ലാവരും അതിൽ നിന്നു കുടിച്ചു". മർക്കോ. 14:23. ഓരോരുത്തർ വെവ്വേറെ അപ്പം ഭക്ഷിക്കുന്നതും വെവ്വേറെ പാനപാത്രം കുടിക്കുന്നതും അപ്പോസ്തൊലിക മാതൃകയല്ല. ഒരപ്പത്തിൽ നിന്നും ഒരു പാനപാത്രത്തിൽ നിന്നും പങ്കുകൊള്ളുക എന്നതാണ് കർത്താവിന്റെ കല്പന, അതാണ് ശിഷ്യന്മാർ ചെയ്തത്. അതാണ് അപ്പോസ്തലന്മാർ സഭകളെ പഠിപ്പിച്ചത്.

ആരാണ് അപ്പത്തിനും പാനപാത്രത്തിനും സ്തോത്രം ചെയ്യേണ്ടത് എന്നതാണ് മറ്റൊരു വിഷയം. സ്ത്രീപുരുഷ വ്യത്യാസമെന്യേ എല്ലാ വിശ്വാസികളും പുരോഹിതന്മാരാണെന്ന് നാം മുമ്പ് കാണുകയുണ്ടായി. അപ്പം നുറുക്കലിൽ പങ്കുകൊള്ളുന്ന എല്ലാവരും അപ്പത്തിനും പാനപാത്രത്തിനും സ്തോത്രം ചെയ്യുന്നുണ്ട്, ചെയ്യണം. എന്നാൽ ഏതെങ്കിലും ഒരു വ്യക്തി സഭയെ നയിച്ചുകൊണ്ട് പരസ്യമായി സ്തോത്രം ചെയ്യേണ്ടി വരുമ്പോൾ സഭാകൂടിവരവുകളുടെ ക്രമത്തെക്കുറിച്ച് വിവരിച്ചു പഠിപ്പിക്കുന്ന 1 കൊരി. 14, 1 തിമൊ. 2 എന്നീ അദ്ധ്യായങ്ങളിലെ ഉപദേശങ്ങൾ കൂടി

പ്രാബല്യത്തിൽ വരുന്നു.

സഭാ കൂടിവരവുകളിൽ സ്ത്രീകൾ മിണ്ടാതിരിക്കേണം എന്ന് കല്പ്പിച്ചിരിക്കുന്നു. (1 കൊരി. 14:34). "ഉപദേശിക്കുവാനോ പുരുഷന്മാരുടെ മേൽ അധികാരം നടത്തുവാനോ വചനം അവരെ അനുവദിക്കുന്നില്ല." (1 തിമൊ. 2:12). 1 തിമൊ. രണ്ടാം അദ്ധ്യായത്തിൽ സഭയുടെ പ്രാർത്ഥനാ കൂടിവരവിനെക്കുറിച്ചാണ് പഠിപ്പിക്കുന്നത്. "ആകയാൽ പുരുഷന്മാർ എല്ലാടത്തും കോപവും വാഗ്വാദവും വിട്ടകന്ന് വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കേണം", താൻ പറയുന്നു. അതിനർത്ഥം പ്രാർത്ഥനാകൂടിവരവിൽ സന്നിഹിതരായിരിക്കുന്ന സഹോദരിമാർ പ്രാർത്ഥിക്കുന്നില്ലെന്നോ പ്രാർത്ഥിക്കരുതെന്നോ അല്ല. തീർച്ചയായും അവർ നിശ്ശബ്ദരായി പ്രാർത്ഥിക്കേണം. എന്നാൽ മുഴുവൻ സഭയേയും ഒരാൾ പരസ്യമായി പ്രാർത്ഥനയിൽ നയിക്കേണ്ടി വരുമ്പോൾ പുരുഷന്മാരാണ് അത് ചെയ്യേണ്ടത്. ഇതേ പ്രമാണം അപ്പം നുറുക്കുവാൻ കൂടിവരുമ്പോൾ പാട്ടെടുക്കുന്നതിനോടുള്ള ബന്ധത്തിലും, സഭയെ പ്രതിനിധീകരിച്ച് കർത്താവിന്റെ ഗുണങ്ങളെ വർണ്ണിച്ച് ദൈവത്തിന് സ്തോത്രം ചെയ്യുന്നതിനോടുള്ള ബന്ധത്തിലും, അപ്പത്തിനും പാനപാത്രത്തിനും സഭയെ പ്രതിനിധീകരിച്ച് സ്തോത്രം ചെയ്യുന്നതിനോടുള്ള ബന്ധത്തിലും ബാധകമാണ്. ഇപ്രകാരം സഭാകൂട്ടായ്മയിലുള്ള സഹോദരന്മാർ പരസ്യമായി സ്തോത്രം ചെയ്യുവാൻ സ്വതന്ത്രരാണെന്ന് തെളിയുന്നു. സഭ പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു. സഭയിൽ നടക്കുന്ന സകല പ്രവർത്തികളുടേയും നടത്തിപ്പുകാരൻ പരിശുദ്ധാത്മാവാകുന്നു. 1 കൊരി. 14 ൽ പൗലോസ് നൽകുന്ന പ്രമാണങ്ങൾ എല്ലാ സഭാ കൂടിവരവുകൾക്കും ബാധകമാണ്. കൂട്ടായ്മയിലായിരിക്കുന്ന എല്ലാ സഹോദരന്മാരും അപ്പത്തിനും പാനപാത്രത്തിനും സ്തോത്രം ചെയ്യുവാൻ ഒരുക്കമുള്ളവരായിരിക്കേണം.

ആരെ പരിശുദ്ധാത്മാവ് നയിക്കുന്നുവോ അവർക്ക് അപ്പത്തിനും പാനപാത്രത്തിനും സ്തോത്രം ചെയ്യുവാനുള്ള സ്വാതന്ത്ര്യം സഭയിൽ ഉണ്ടായിരിക്കേണം. "കർത്താവിന്റെ ആത്മാവുള്ളേടത്ത് സ്വാതന്ത്ര്യം ഉണ്ട്." സ്തോത്രം ചെയ്യുവാൻ മുൻകൂട്ടി ആളുകളെ നിശ്ചയിക്കുന്നതും, ഒരു വ്യക്തി തന്നെ അപ്പത്തിനും പാനപാത്രത്തിനും സ്തോത്രം ചെയ്യുന്നതും, എല്ലാ ആഴ്ചയും മുൻനിശ്ചയിക്കപ്പെട്ട വ്യക്തികൾ തന്നെ ഈ ശുശ്രൂഷ ചെയ്യുന്നതുമെല്ലാം ഒരുപോലെ അയോഗ്യമാകുന്നു.

M.A. Rudge തന്റെ കൊരിന്ത്യലേഖന വ്യാഖ്യാനത്തിൽ നോർമൻ ക്രോഫോർഡിനെ ഉദ്ധരിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു. "സ്ഥലം സഭ ഭൂമിയിൽ പരിശുദ്ധാത്മാവിന്റെ ആലയമാകുന്നു. അതിൽ പരിശുദ്ധാത്മാവിന് പരമാധികാരം ഉണ്ടായിരിക്കേണം. മാനുഷികമായ ക്രമീകരണങ്ങൾ പലപ്പോഴും പരിശുദ്ധാത്മാവിന്റെ നടപടികളെ തടസ്സപ്പെടുത്തുന്നു. പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനോട് പ്രതികരിക്കാതിരിക്കയാൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തികളെ കെടുത്തുവാൻ ഇടയാകും. പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് ഏതെങ്കിലും തരത്തിലുള്ള അവ്യക്തമായ വികാരമല്ല പകരം ലളിതമായി ദൈവവചനത്തോടുള്ള അനുസരണമാണ്. 'ആത്മാവിൽ നിറയുവിൻ' എന്ന് എഫെ. 5:18 ൽ പറഞ്ഞിരിക്കുന്നത് ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി..... നിങ്ങളിൽ വസിക്കുവാൻ അനുവദിക്കുന്നതിനോട് ബന്ധപ്പെട്ടാണിരിക്കുന്നത്. (കൊലൊ. 3:16). പരിശുദ്ധാത്മാവ് തിരുവെഴുത്തുകളിൽ കൂടി സംസാരിക്കുന്നു. സഭയിൽ അവന്റെ അധികാരം ഭരണം നടത്തുവാൻ നാം അനുവദിക്കണം."

ആത്മികമായി തയ്യാറെടുപ്പ് നടത്തുന്ന സഹോദരന്മാർക്ക് ശുശ്രൂഷകൾ ചെയ്യുവാനുള്ള സ്വാതന്ത്ര്യം സഭയിൽ ഉണ്ടാകണം. "ആത്മിക ഉത്തരവാദിത്തങ്ങൾ നിറവേറ്റണ്ടതിനായി മറ്റുള്ളവരെ ആശ്രയിക്കുന്ന 'യാത്രക്കാരായി' സഭയിൽ ആരും

ഉണ്ടായിരുന്നില്ല.” “സഭയിൽ ക്രമത്തിന്റെ ആവശ്യകതയും കാണുവാൻ കഴിയും.” (1 കൊരി. 14:27, 29, 31). ഇത് എത്ര പേർ പങ്കെടുക്കേണം എന്നതിനോടുള്ള ബന്ധത്തിൽ നൽകിയിരിക്കുന്ന പരിധിയേയും മറ്റുള്ളവർക്കും പങ്കെടുക്കുവാനുള്ള അവസരം നൽകേണം എന്ന വസ്തുതയും കണക്കിലെടുത്ത് സ്വയം നിയന്ത്രിക്കേണമെന്ന് ആവശ്യപ്പെടുന്നു. (1 കൊരി. 14:28, 32, 30). ഈ ക്രമം മാനുഷിക ഏർപ്പാടുകളാൽ കൊണ്ടുവരുവാൻ കഴിയുകയില്ല. ഇത് പരിശുദ്ധാത്മാവാം ദൈവത്തിന്റെ പരമാധികാര നിയന്ത്രണത്തിന് വിധേയപ്പെടുന്നതിന്റെയും, ദൈവത്തിൽ ആശ്രയിക്കുന്നതിന്റെയും ഫലമായി മാത്രമേ ഉണ്ടാകൂ. ഈ പരമപ്രധാന ആത്മിക ഗുണങ്ങളുടെ വികാസത്തിനായിട്ടാണ് ഈ ക്രമം വിഭാവനം ചെയ്തിട്ടുള്ളത്. അതുകൊണ്ടു തന്നെ ഇത് ആത്മികത ആവശ്യപ്പെടുന്നു. **ആത്മിക ശക്തിയാൽ മാത്രമേ ആത്മിക പ്രമാണങ്ങൾ പ്രാവർത്തികമാക്കുവാനും നില നിർത്തുവാനും കഴിയുകയുള്ളൂ.**” M.A. Rudge, First Epistle of Corithians, Page No. 259, 260).

ആത്മിക തയ്യാറെടുപ്പോടുകൂടെ കടന്നുവരുന്ന ഏതൊരു സഹോദരനും കർത്താവായ യേശുക്രിസ്തുവിന്റെ ഓർമ്മയിൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് സഭയെ നയിക്കുവാനും, കർത്താവിന്റെ വ്യക്തിത്വത്തെയും, താൻ നിവർത്തിച്ച വേലയെയും വർണ്ണിപ്പാനും, അല്ലെങ്കിൽ യോഗ്യമായൊരു പാട്ട് എടുക്കുവാനും അപ്പത്തിനോ പാനപാത്രത്തിനോ സ്തോത്രം ചെയ്യുവാൻ പോലും അനുവാദം ലഭിക്കത്തക്ക നിലയിൽ ഈ സ്വാതന്ത്ര്യം ഏറ്റവും ഉപയുക്തമായിരിക്കുന്നത് അപ്പം നുറുക്കൽ ശുശ്രൂഷയിലാണ്. മുഴുവൻ കൂടിവരവിൽ പരിശുദ്ധാത്മാവ് അദ്ധ്യക്ഷത വഹിക്കുന്നതിനാൽ ആരാധനയെ നയിച്ചു കൊണ്ട് സഭയ്ക്ക് മുമ്പാകെ കസേരയിൽ ഉപവിഷ്ടനായിരിക്കുന്ന ഒരു പ്രത്യേക ആരാധനാ നായകൻ (Worship Leader) ന് യാതൊരു സാധുതയുമില്ല.

അപ്പത്തിനും പാനപാത്രത്തിനും സ്തോത്രം ചെയ്യുന്നത് മൂപ്പന്മാരുടെ ജോലിയാണെന്ന ധാരണ അനേകർക്കുമുണ്ട്. ഇത് തീർച്ചയായും തെറ്റാണ്. മൂപ്പന്മാർ സ്തോത്രം ചെയ്യരുതെന്നല്ല പക്ഷേ അവരേ ചെയ്യാവൂ എന്ന ധാരണ തെറ്റാണ്. സഭാ കൂടിവരവുകളിൽ, പ്രത്യേകിച്ചും കർത്താവിന്റെ അത്താഴത്തിൽ, എന്താണ് മൂപ്പന്മാരുടെ ജോലി? സകലതും ചന്തമായും ഉചിതമായും, ക്രമമായും നടക്കുന്നുവെന്ന് അവർ ഉറപ്പാക്കേണം. സഭാ കൂടിവരവുകളിലെ ക്രമത്തിനും, അന്തസ്സിനും, പെരുമാറ്റത്തിനും, മൂപ്പന്മാർ ഉത്തരവാദികളാണ്. തിരുവത്താഴത്തിൽ ആരെയെങ്കിലും ശുശ്രൂഷയ്ക്കായി അവർ നിയമിക്കേണ്ടതില്ല. അതേ സമയം ഈ ഘനഗംഭീരമായ അവസരത്തിൽ എല്ലാ പുതിയനിയമ പുരോഹിതന്മാർക്കും ദൈവാത്മാവിനാൽ നടത്തപ്പെട്ട് ശുശ്രൂഷ ചെയ്യുവാനുള്ള സ്വാതന്ത്ര്യം അവർ ഉറപ്പാക്കേണം. അയോഗ്യമായ പ്രവർത്തനങ്ങൾ, സംഭാവനകൾ, പരിജ്ഞാനമില്ലാതുള്ള അവിശുദ്ധ എരിവ്, മറ്റുള്ളവർക്കായി കാത്തിരിക്കാത്തത് തുടങ്ങിയ തെറ്റുകളെ അവർ തിരുത്തേണം. അവ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം സംഭവിക്കുന്നില്ലെന്ന് ഉറപ്പാക്കേണം. മുമ്പ് പറഞ്ഞതുപോലെ അവിശ്വാസികളോ അയോഗ്യരൊ ആയ ആരെങ്കിലും തിരുവത്താഴ ശുശ്രൂഷയിൽ പങ്കെടുത്താൽ അതിനുള്ള ഉത്തരവാദിത്വം പരിപൂർണ്ണമായി സഭാ മൂപ്പന്മാർക്കാണ്.

**5. അപ്പം നുറുക്കത്തിന്റെ ഉദ്ദേശം എന്താണ് ? ( Why or Purpose)**

**അപ്പം നുറുക്കലിന് ഒരു പരിഭാഷ.**

“കർത്താവായ യേശുക്രിസ്തുവിനാൽ ആകൃഷ്ടരായ, കൃതാർത്ഥരായ ജനം അവന്റെ കല്പന ആചരിച്ച് അപ്പം നുറുക്കേണ്ടതിനായി കൂടിവരികയും അത് ചെയ്കയിൽ ദൈവത്തോടും പരസ്പരവും അവനെക്കുറിച്ച് പറയുകയും ചെയ്യുന്നു. അവർ ക്രിസ്തു

എന്തായിരിക്കുന്നുവോ അതിനായി ദൈവത്തെ സ്തുതിക്കുകയും അവൻ അവർക്കായി ചെയ്ത പ്രവർത്തികൾക്കായി ദൈവത്തിന് സ്തോത്രം ചെയ്യുകയും ചെയ്യുന്നു.''

കർത്തൃദിവസത്തിൽ നാമെന്തുകൊണ്ടാണ് അപ്പം നുറുക്കുന്നത്? ഉത്തരം വളരെ സ്പഷ്ടമാണ്. കർത്താവ് കല്പിച്ചിരിക്കുന്നതുകൊണ്ട്. ഇത് മാത്രം പര്യാപ്തതമാണെങ്കിലും ഇതു കൂടാതെ ആദിമസഭകൾ ഇത് കർത്താവിനോടുള്ള അനുസരണത്തിൽ ചെയ്തതും ഇതിന്റെ പ്രമാണങ്ങൾ ലേഖനങ്ങളിൽ നൽകപ്പെട്ടിരിക്കുന്നതും കാരണങ്ങളാണ്. ഈ വിഷയത്തെക്കുറിച്ച് പ്രതിപാദിക്കുവാൻ തിരുവചനത്തിലെടുത്തിരിക്കുന്ന സ്ഥലവും ഇതിന്റെ ആചരണത്തെക്കുറിച്ച് സസൂക്ഷ്മമായ വിവരണങ്ങൾ നൽകപ്പെട്ടിരിക്കുന്നതും ദൈവം എന്തുമാത്രം ഇതിനെ വിലമതിക്കുന്നുവെന്നുള്ളതിന്റെ തെളിവാണ്.

അപ്പം നുറുക്കലിൽ നാമെന്താണ് ചെയ്യേണ്ടത്? കർത്താവായ യേശുക്രിസ്തു പറഞ്ഞു ''എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്വിൻ.'' പൗലോസ് ഇതിനെക്കുറിച്ച്, ''അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു'' എന്നു പറയുന്നു. സാരഗർഭിതങ്ങളായ ഈ രണ്ട് വേദഭാഗങ്ങൾ അപ്പം നുറുക്കയിൽ എന്താണ് ചെയ്യേണ്ടത് എന്നതിനെക്കുറിച്ച് ആവശ്യമായ വിവരങ്ങൾ നമുക്ക് നൽകുന്നു.

1) നാം അപ്പം നുറുക്കി ഭക്ഷിക്കുകയും, പാനപാത്രത്തിൽ നിന്ന് കുടിക്കുകയും ചെയ്യണം. കേവലം ഓർത്താൽ പോരാ, ഓർമ്മിക്കയിൽ ''ഇത് ചെയ്യണം''.

2) നാം കർത്താവായ യേശുക്രിസ്തുവിനെ ഓർക്കേണം. ''എന്റെ ഓർമ്മയ്ക്കായി''. പത്രോസ് പറയുന്നതുപോലെ ''നിങ്ങളെ ...... വിളിച്ചവന്റെ സൽഗുണങ്ങളെ'' ഘോഷിക്കണം. വളരെ പ്രാധാന്യമേറിയ വിഷയമാണ്. നമ്മുടെ ഭൂതകാല പാപങ്ങളെയോ, വർത്തമാന കാല അനുഗ്രഹങ്ങളെയോ, ഭാവികാല നേട്ടങ്ങളെയോ അല്ല ഓർക്കേണ്ടത്. കർത്താവായ യേശുക്രിസ്തു എന്ന വ്യക്തിയുടെ ഗുണങ്ങളാണ് നാം ഓർക്കേണ്ടത്, വർണ്ണിക്കേണ്ടത്. അവനിൽ മാത്രമാണ് പിതാവ് പ്രസാദിച്ചിരിക്കുന്നത്. നാമും നമ്മിൽ നിന്ന് കണ്ണുകളെ ഉയർത്തി കർത്താവായ യേശുക്രിസ്തുവിൽ പ്രസാദിക്കുകയും അവന്റെ ഗുണങ്ങളുടെ പൂർണ്ണതയിൽ സംതൃപ്തി കണ്ടെത്തുകയും ചെയ്യേണം. കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരാത്തിടത്തോളം ഇത് യോഗ്യമായി ചെയ്യുവാൻ നമുക്ക് കഴിയുകയില്ല. കർത്താവിനെ കൂടുതൽ അറിയുക എന്നത് പൗലോസിന്റെ ജീവിതലക്ഷ്യമായിരുന്നു. വർഷങ്ങൾ കഴിയുന്തോറും ആദ്യം വെളിച്ചമായി താനറിഞ്ഞ ക്രിസ്തു (അ.പ്ര. 9) വലിയൊരു വെളിച്ചമായും (അ.പ്ര. 22:6) നട്ടുച്ച സൂര്യന്റെ പ്രകാശത്തേയും കവിയുന്ന വെളിച്ചമായും (അ.പ്ര. 26:13) തന്റെ മനസ്സിൽ വളർന്നു കൊണ്ടേയിരുന്നു. അടുത്തറിയുന്തോറും ക്രിസ്തുവിന്റെ മഹത്വം തന്റെ സങ്കൽപ്പങ്ങൾക്കും അതീതമായി വളരുന്നത് പൗലോസ് അറിഞ്ഞു.

ക്രിസ്തുവിന്റെ ഈ മഹത്വഘോഷണം ദൈവത്തോടുള്ള ബന്ധത്തിലും മനുഷ്യനോടുള്ള ബന്ധത്തിലുമുണ്ട്. എഴുന്നേറ്റ് നിന്ന് ദൈവത്തോട് ക്രിസ്തുവിനെക്കുറിച്ച് സംസാരിക്കുന്നയാൾ ദൈവത്തോടുള്ള ബന്ധത്തിൽ ശുശ്രൂഷ ചെയ്യുന്നു. വചനത്തിൽ നിന്ന് ക്രിസ്തുവിന്റെ മഹത്വം വർണ്ണിക്കുന്നയാൾ തന്റെ സഹവിശ്വാസികളോട് ക്രിസ്തുവിനെക്കുറിച്ച് വിവരിക്കുന്നു. ഈ വിവരണം വിശ്വാസികളെ വീണ്, ദൈവത്തിന് തന്റെ പറഞ്ഞുതീരാത്ത ദാനത്തിനായി സ്തോത്രം ചെയ്യുവാൻ പ്രേരിപ്പിക്കുന്നു. യശയ്യാ. 6 ൽ സ്വർഗ്ഗ ദൂതന്മാർ സിംഹാസനത്തിലിരിക്കുന്ന കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് (യോഹ. 12:41), ഒരുത്തനോടു ഒരുത്തൻ സൈന്യങ്ങളുടെ ദൈവമായ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ആർത്ത്

പറഞ്ഞതു പോലെ തന്നെ.

3) നാം ക്രിസ്തുവിന്റെ വ്യക്തിത്വത്തെ മാത്രമല്ല കാൽവറി ക്രൂശിൽ താൻ നിവർത്തിച്ച വലിയ വീണ്ടെടുപ്പിൻ വേലയേയും പ്രസ്താവിക്കുന്നുവെന്ന് പൗലോസ് നമ്മെ ഓർമ്മപ്പെടുത്തുന്നു. കൃപയാൽ നിത്യമരണത്തിൽ നിന്നും രക്ഷിക്കപ്പെട്ട, പാപത്തിന്റെയും പിശാചിന്റെയും ന്യായപ്രമാണത്തിന്റെയും ദാസത്വത്തിൽ നിന്ന് വീണ്ടെടുക്കപ്പെട്ട, പാപ ചേറ്റിൽ നിന്നും ക്രിസ്തുവിന്റെ രക്തത്താൽ കഴുകി ശുദ്ധീകരണം പ്രാപിച്ച ഒരാൾക്കല്ലാതെ മറ്റാർക്കും, സ്വർഗ്ഗ ദൂതന്മാർക്കു പോലും കർത്താവായ യേശുക്രിസ്തുവിന്റെ മരണത്തെ വിലമതിക്കുവാനോ അതിനെക്കുറിച്ച് അർത്ഥവത്തായി സംസാരിക്കുവാനോ കഴിയുകയില്ല. ദൈവത്തോടും, ന്യായപ്രമാണത്തോടും, പിശാചിനോടും, പാപത്തോടും, നമ്മോടുമുള്ള ബന്ധത്തിൽ കർത്താവിന്റെ മരണത്തിനെന്തു ബന്ധമാണുള്ളതെന്ന് വ്യക്തമായി വർണ്ണിക്കുവാൻ നമുക്ക് കഴിയണം. ഇത് വലിയ സന്തോഷത്തിന്റെയും ജയത്തിന്റെയും വർണ്ണഘോഷണമാണ്.

അയോഗ്യമായി അപ്പം നുറുക്കരുതെന്ന് പൗലോസ് കല്പിക്കുന്നു. (1 കൊരി. 11:27, 28). ഈ പ്രമാണം വിശ്വാസികളുടെ വ്യക്തിപരമായ ജീവിതത്തിന് മാത്രമല്ല, അപ്പം നുറുക്കയിൽ ചെയ്യുന്ന എല്ലാ ശുശ്രൂഷകൾക്കും ബാധകമാണ്. എല്ലാ സഹോദരന്മാർക്കും പരസ്യമായി പങ്കെടുക്കുവാൻ സ്വാതന്ത്ര്യം ഉണ്ടെങ്കിലും അത് അർത്ഥവത്തായി ചെയ്യുവാൻ കഴിയുന്നവർ മാത്രമേ അത് ചെയ്യാവൂ. എല്ലാ സംഭാവനകളും ഉചിതമായിരിക്കേണം. പഴയ നിയമത്തിലെ ഹോമയാഗത്തോടുള്ള ബന്ധത്തിൽ അർപ്പിക്കപ്പെടുന്ന യാഗമൃഗത്തിന്റെ വലുപ്പത്തിന് വലിയ പ്രാധാന്യം ഇല്ലായിരുന്നു. കന്നുകാലികളിൽ നിന്നാകട്ടെ, ആട്ടിൻ കൂട്ടത്തിൽ നിന്നാകട്ടെ, പറവകളിൽ നിന്നാകട്ടെ (വലുപ്പം കുറഞ്ഞു വരുന്നത് ശ്രദ്ധിക്കുക), ഏറ്റവും പ്രധാനപ്പെട്ട വസ്തുത അത് **ഊനമില്ലാത്തത്** ആയിരിക്കേണം എന്നതാണ്. അപ്പം നുറുക്കൽ പുതിയനിയമത്തിലെ ഹോമയാഗമാണ്. എത്ര സമയം കർത്താവിന്റെ ഗുണങ്ങളെ വർണ്ണിച്ചു എന്നതിന് പ്രാധാന്യമില്ല. മറ്റുള്ളവർക്കും അവസരം ലഭിക്കേണ്ടതിന് അത് ചുരുക്കമായിരിക്കുന്നതാണ് ഉചിതം. എന്തായാലും ചുരുക്കമായി ആകട്ടെ വിശാലമായി ആകട്ടെ ഓരോ ശുശ്രൂഷയും അവസരത്തിന് യോജിച്ചതായിരിക്കണം. അത് പുതിയതും, ക്രിസ്തുവിനെ ഉയർത്തുന്നതും, ക്രിസ്തുവിന്റെ വ്യക്തിത്വത്തിലും വേലയിലും കേന്ദ്രീകരിച്ചുള്ളതും ദൈവത്തെ മഹത്വപ്പെടുത്തുന്നതും ആയിരിക്കേണം. വ്യക്തി ജീവിതത്തിലാകട്ടെ ശുശ്രൂഷയിൽ ആകട്ടെ ന്യൂനത ഉള്ള യാഗം അർപ്പിക്കുന്നത് ശിക്ഷാവിധിക്കു കാരണമാകും. ആകയാൽ "ഒരുവൻ മറ്റൊരുവനുവേണ്ടി കാത്തിരിക്കട്ടെ", ഇപ്രകാരം "തന്നെത്താൻ ശോധന ചെയ്തിട്ട്..... ഈ അപ്പം തിന്നുകയും ഈ പാനപാത്രത്തിൽ നിന്ന് കുടിക്കുകയും ചെയ്യട്ടെ."

-----------------